2009, ഖുത്ബ നമ്പര്‍- 33

بسم الله الرحمن الرحيم

14.08.2009
ജര്‍മ്മനി

# പരിശ്രമം അനിവാര്യം.

അല്‍ഹംദുലില്ലാഹ്, ഇന്ന് എന്റെ ഖുത്ബയോടുകൂടി ജര്‍മ്മന്‍ ജല്‍സാ സാലാന ആരംഭിക്കുകയാണ്. ചില പ്രത്യേക ലക്ഷ്യങ്ങള്‍ മുന്‍നിര്‍ത്തിക്കൊണ്ടാണ് ഈ സമ്മേളനങ്ങളെല്ലാം തുടങ്ങിയിട്ടുള്ളത്. അതിനെകുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ലേഖനങ്ങളിലും വിജ്ഞാപനങ്ങളിലും വിവരിച്ചിട്ടുണ്ട്. അതില്‍ ഒരു ലക്ഷ്യം പറയുന്നത്, മതപരമായ അറിവ് കരസ്ഥമാക്കുക എന്നതാണ് ; മറ്റൊരു ലക്ഷ്യം അല്ലാഹുവിനെ കുറിച്ചുള്ള ജ്ഞാനം അവന്റെ ഫള്ലുകൊണ്ട് വര്‍ദ്ധിപ്പിക്കുവാനുള്ള അവസരം ലഭിക്കുക എന്നതാണ്. മൂന്നാമത്തേത് പരസ്പരമുള്ള സാഹോദര്യബന്ധവും സ്നേഹവും വര്‍ദ്ധിക്കുവാന്‍ ഇത് കാരണമാകുന്നു. നാലാമത്തെ ലക്ഷ്യം തബ്ലീഗ് പ്രവര്‍ത്തനങ്ങള്‍ ഊര്‍ജ്ജിതപ്പെടുന്നതിന് ഇത് കാരണമായിത്തീരുന്നു എന്നതാണ്. അതുകൊണ്ട് നിങ്ങളില്‍ ഓരോരുത്തരും ഈ ലക്ഷ്യങ്ങള്‍ മുന്നില്‍ വെക്കുകയും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദുആ മുഖേന ലഭിച്ചിരിക്കുന്ന ആത്മീയാന്തരീക്ഷം പ്രയോജനപ്പെടുത്തേണ്ടതുമാണ്. ഇങ്ങിനെയുള്ള ആത്മീയാന്തരീക്ഷം സൃഷ്ടിക്കുന്ന രീതിയിലാണ് ഇവിടെയുള്ള പ്രോഗ്രാമുകള്‍ ആവിഷ്കരിക്കുന്നത്. ദൈവസ്മരണ നിലനിര്‍ത്തുന്നതിനും ഇബാദത്തുകളിലേക്ക് ശ്രദ്ധിക്കുന്നതിനുമുള്ള പരിപാടികള്‍ ഇവിടെ നടക്കുന്നു. ജമാഅത്തായി തഹജ്ജുദ് നമസ്കാരത്തിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. കാരണം ഒറ്റക്ക് തഹജ്ജുദ് നമസ്കരിക്കാന്‍ കഴിയാത്തവര്‍ ഈ മൂന്ന് ദിവസം തഹജ്ജുദ് ശീലിക്കുകയും ഈ മൂന്ന് ദിവസം ആത്മാര്‍ത്ഥതയോടുകൂടി അവര്‍ ദുആ ചെയ്യുകയുമാണെങ്കില്‍ പലര്‍ക്കും സ്ഥിരമായി തഹജ്ജുദ് നമസ്കരിക്കാനുള്ള ഭാഗ്യം ലഭിക്കുന്നതുമാണ്. അവര്‍ക്ക് നഫലുകളില്‍ ശ്രദ്ധയുണ്ടായിത്തീരും. ഈ ജല്‍സാദിനങ്ങളില്‍ മതപരമായ കാര്യങ്ങള്‍ കേള്‍ക്കുന്നതിലൂടെ മതവിജ്ഞാനം വര്‍ദ്ധിപ്പിക്കുന്നതോടൊപ്പം അല്ലാഹുവിന്റെ മഅ്രിഫത്തില്‍ (ദൈവജ്ഞാനത്തില്‍) മുന്നേറുമെന്നും ഓരോ അഹ്മദിയില്‍ നിന്നും പ്രതീക്ഷിക്കുന്നു. ദൈവജ്ഞാനം വര്‍ദ്ധിപ്പിക്കുന്നതിന്ന് ഇബാദത്തുകളും ദൈവസ്മരണയും അനുപേക്ഷണീയമാണ്. കഠിനാധ്വാനത്തിലൂടെ നാം ഇത് ചെയ്യുകയാണെങ്കില്‍ അല്ലാഹുവിന്റെ ഫള്ലുകൊണ്ട് ദൈവജ്ഞാനത്തില്‍ വര്‍ദ്ധനവുണ്ടാകുന്നതാണ്. ഈ ദൈവജ്ഞാനമാണ് സമസൃഷ്ടികളോടുമുള്ള കടമകള്‍ നിറവേറ്റുന്നതിലേക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുക. പരസ്പരം സ്നേഹിക്കുന്നതിലേക്കും അല്ലാഹുവിന്റെ സന്ദേശം ഒരു പ്രത്യേക ആവേശത്തോടെ മറ്റുള്ളവരില്‍ എത്തിക്കുന്നതിലേക്കും ഇത് നമുക്ക് പ്രേരണ നല്‍കുന്നതാണ്. മാനവകുലത്തെ ദൈവത്തിലേക്ക് അടുപ്പിക്കുന്നതിന്നായി പ്രാര്‍ത്ഥനയിലേക്ക് ശ്രദ്ധതിരിക്കുന്നതും ഈ ജ്ഞാനം തന്നെയാണ്. ഇതെല്ലാം അല്ലാഹുവിന്റെ ഫള്ലുകൊണ്ടാണ് ലഭിക്കുന്നതെങ്കിലും അല്ലാഹു നമ്മോട് ഇതിന്നായി പരിശ്രമിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഞാന്‍ മുന്‍കൈയ്യെടുത്തുകൊണ്ട് നിങ്ങളുടെ അവസ്ഥ ശരിയാക്കുമെന്ന് അല്ലാഹു ഒരിക്കലും പറഞ്ഞിട്ടില്ല. റസൂല്‍(സ) മുഖേന നമുക്ക് ലഭിച്ചിരിക്കുന്ന സന്ദേശം 'നിങ്ങള്‍ ഒരടി അല്ലാഹുവിലേക്ക് വെച്ചാല്‍ അല്ലാഹു രണ്ടടി നിങ്ങളിലേക്ക് വെക്കുമെന്നാണ്. നിങ്ങള്‍ നടന്നുവരികയാണെങ്കില്‍ അല്ലാഹു നിങ്ങളിലേക്ക് ഓടി വരുന്നതാണ്.'

അതുകൊണ്ട് ആദ്യ അടി വെക്കേണ്ടത് നാമാണ്. തുടക്കം മനുഷ്യനില്‍ നിന്നാണ് ഉണ്ടാകേണ്ടത്. തുടര്‍ന്ന് അല്ലാഹു തന്റെ അതിവിശാലമായ കാരുണ്യം കാരണമായി നമ്മുടെ ഓരോ ചുവടുവെപ്പിനും പല മടങ്ങ് വര്‍ദ്ധിപ്പിച്ചുകൊണ്ട് കരുണ ചെയ്യുന്നതാണ്. തുടര്‍ന്ന് അല്ലാഹുവിലേക്ക് നമ്മുടെ പ്രയാണത്തിന്റെ അകലം തന്നെ അല്ലാഹു കുറച്ചുകൊണ്ടുവരുന്നതും അവസാനം അല്ലാഹു നമ്മില്‍ നിന്നും അകലത്തല്ലെന്ന തോന്നല്‍ നമുക്കുണ്ടായിത്തീരുകയും ചെയ്യും.

വിശുദ്ധഖുര്‍ആനിലും ഈ കാര്യം അല്ലാഹു എടുത്ത് പറയുന്നുണ്ട്. പറയുന്നു,

وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا ؕ وَاِنَّ اللّٰهَ لَمَعَ الْمُحْسِنِيْنَ ۝

'നമ്മേ കണ്ടുമുട്ടാന്‍ പരിശ്രമിക്കുന്നവര്‍ക്ക് നമ്മുടെ മാര്‍ഗ്ഗത്തിലേക്ക് നാം വഴിനടത്തുന്നതാണ്.'(29:70) അല്ലാഹു തന്റെ ദാസരോട് കാണിക്കുന്ന സ്നേഹപ്രകടനമാണിത്.

അല്ലാഹു റബ്ബും റഹ്മാനും ആയതുകൊണ്ട് തന്റെ ദാസരോട് നേരത്തെ തന്നെ അവന്‍ പല കാരുണ്യവും ചെയ്തിട്ടുണ്ട്. എന്നാല്‍ തന്റെ പ്രത്യേക ദാസരോട് അല്ലാഹു പ്രത്യേക കാരുണ്യം പ്രകടിപ്പിക്കുന്നു. അവര്‍ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി മാറുമ്പോള്‍ അവന്‍ തന്റെ അനുഗ്രഹങ്ങള്‍ അവര്‍ക്ക് നല്‍കിക്കൊണ്ടേയിരിക്കുന്നു. തന്റെ അനുഗ്രഹത്തിന്റെ മഴ അവരില്‍ വര്‍ഷിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് നമ്മില്‍ ഓരോരുത്തരും തന്നെ മനസ്സിലാക്കേണ്ടത് ഭൗതിക കച്ചവടവും മറ്റു ജോലികളെല്ലാം ഉപേക്ഷിച്ചുകൊണ്ട്, അവധി എടുത്തുകൊണ്ട് ഇവിടെ നാം ഒരുമിച്ചുകൂടിയത് ഇതിന്റെ ലക്ഷ്യം കരസ്ഥമാക്കാനാണ്. അതല്ലെങ്കില്‍ വെറും ഭൗതിക ലക്ഷ്യങ്ങള്‍ മുന്‍നിര്‍ത്തിയായിരിക്കും നാം ഈ ജല്‍സയില്‍ വന്നിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ വെറുക്കുകയും അനിഷ്ടം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നമ്മേ മഅ്രിഫത്തേ ഇലാഹിയില്‍(ദൈവികജ്ഞാനത്തില്‍) മുന്നോട്ട് നയിക്കുക എന്നതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ഉദ്ദേശം. ജമാഅത്തംഗങ്ങളെ തിരുനബി(സ)യുടെ തിരുസഖാക്കള്‍ കാണിച്ച മാതൃകയിലേക്ക് കൊണ്ടുപോകുക എന്നതായിരുന്നു ആ മഹാത്മാവിന്റെ ലക്ഷ്യം. ആ മഹാത്മാവ് ഒരുസ്ഥലത്ത് പറയുന്നു:

വിശുദ്ധഖുര്‍ആന്റെ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തില്‍ നമുക്ക് മനസ്സിലാകുന്നത്, ഒരു ഭാഗത്ത് അല്ലാഹു തന്റെ കാരുണ്യവും ആര്‍ദ്രതയും പോലുള്ള സിഫത്തുകളെ വിവരിക്കുന്നു. മാത്രമല്ല റഹ്മാനാണെന്നും വിവരിക്കുന്നു. അതോടൊപ്പം അവന്‍ പറയുന്നത് وَاَنْ لَّيْسَ لِلْاِنْسَانِ اِلَّا مَا سَعٰى (53:40)- മനുഷ്യന് അവന്‍ പരിശ്രമിച്ചതാണ് ലഭിക്കുക.) وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا ؕ (ആരാണോ നമ്മുടെ മാര്‍ഗ്ഗത്തില്‍ പരിശ്രമിക്കുന്നത് അവര്‍ക്ക് എന്നിലേക്കുള്ള മാര്‍ഗ്ഗം നാം കാണിച്ചുകൊടുക്കുന്നതാണ്.) എന്നാണ്. അതായത് തങ്ങളുടെ പരിശ്രമവും കഠിനാധ്വാനവും മുഖേനയാണ് ഈ അനുഗ്രഹങ്ങള്‍ കരസ്ഥമാകുക . ഹദ്റത്ത് റസൂല്‍(സ) തിരുമേനിയുടെ തിരുസഖാക്കളുടെ ജീവിതം നമുക്ക് ഉത്തമമാതൃകയാകുന്നു.

നിങ്ങളുടെ ആത്മാക്കളെ പരിഷ്കരിക്കുന്നതിന്നായി പരിശ്രമിക്കുക. നമസ്കാരത്തിൽ ദുആ ചെയ്യുക. സദഖകളും മറ്റുദാനധർമ്മങ്ങളും ചെയ്തുകൊണ്ട് وَالَّذِيْنَ جَاهَدُوْا فِيْنَا (നമ്മുടെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്യുന്നവർ) എന്ന കൂട്ടരിൽ ഉൾപ്പെടാൻ ശ്രമിക്കുക. രോഗി ഡോക്ടറുടെ അടുത്തുപോയി ചികിത്സ തേടുകയും മരുന്ന് കഴിക്കുകയും രക്തമെല്ലാം പരിശോധിക്കാനായി കഷ്ടത അനുഭവിക്കുകയും ചെയ്തുകൊണ്ട് രോഗശാന്തി ലഭിക്കാൻ ഏതേതെല്ലാം പ്രയാസങ്ങൾ സഹിക്കുന്നുണ്ടോ ഇതേപോലെ നിങ്ങളുടെ ആത്മീയ രോഗശമനത്തിനായി എല്ലാ പ്രയത്നവും നിങ്ങൾ ചെയ്യുക. വെറും നാവുകൊണ്ട് മാത്രമല്ല. മുജാഹദയുടെ (കഠിനപ്രയത്നത്തിന്റെ) ഏതേതെല്ലാം മാർഗ്ഗങ്ങളാണ് അല്ലാഹു പറഞ്ഞുതന്നിട്ടുള്ളത് ആ മാർഗ്ഗങ്ങളെല്ലാം നിങ്ങൾ അവലംബിക്കുക.

പറയുന്നു; തൗബയും ഇസ്തിഗ്ഫാറും ദൈവപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളാണ്. അവന്റെ മാർഗ്ഗത്തിൽ എപ്പോഴും പരിശ്രമിച്ചുകൊണ്ടേയിരിക്കുക. അങ്ങിനെയാണെങ്കിൽ നിങ്ങൾ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുന്നതാണ്.'

അതുകൊണ്ട് ഓരോ അഹ്മദിയും ഓർത്തിരിക്കേണ്ടത് നമുക്ക് നമ്മുടെ ലക്ഷ്യസ്ഥാനംവരെ എത്തണം എന്നതുതന്നെയാണ്. ഒരു വിശ്വാസിയുടെ ലക്ഷ്യസ്ഥാനം ഭൗതികസ്ഥാനമാനങ്ങൾ കരസ്ഥമാക്കുക എന്നതല്ല. മറിച്ച് അല്ലാഹുവിന്റെ മഅ്രിഫത്ത് കരസ്ഥമാക്കിക്കൊണ്ട് അല്ലാഹുവിനോടുള്ള കടപ്പാടുകളും നിറവേറ്റുക, അതോടൊപ്പം അവന്റെ സൃഷ്ടികളോടുള്ള കടപ്പാടുകളും നിറവേറ്റുക എന്നതാണ്.

വാഗ്ദത്ത മസീഹിൽ വിശ്വസിച്ചുകൊണ്ട് മഅ്രിഫത്തെ ഇലാഹി കരസ്ഥമാക്കാൻ നമ്മെ നേരായ പന്ഥാവിൽ നയിച്ചു എന്നതിന്ന് അല്ലാഹുവിന് നാം കൃതജ്ഞത പ്രകടിപ്പിക്കേണ്ടതാണ്. ഈ മാർഗ്ഗത്തിലൂടെ ചരിച്ചുകൊണ്ടാണ് തിരുനബി(സ)യുടെ സഹാബത്ത് ദൈവസാമീപ്യം കരസ്ഥമാക്കിയത്. അങ്ങിനെ അവർ അല്ലാഹുവിന്റെ പ്രീതി തങ്ങളുടെ ലക്ഷ്യമാക്കിമാറ്റി. ഏതൊരു പരിശ്രമത്തിന്റെ ഫലമായി നമുക്കോ നമ്മുടെ പൂർവ്വപിതാക്കൾക്കോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാനുള്ള തൗഫീഖ് അല്ലാഹു നൽകിയോ നാമും മന്നോട്ടു കുതിച്ചുകൊണ്ട് ആ മാർഗ്ഗത്തിലൂടെ പ്രയാണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നമ്മെ വീണ്ടും അർഹമാക്കാനുള്ള കൃതജ്ഞത പ്രകടനത്തിന്റെ രീതിയാണിത്.

وَالَّذِيْنَ جَاهَدُوْا فِيْنَا لَنَهْدِيَنَّهُمْ سُبُلَنَا എന്ന ആയത്തിൽ അല്ലാഹു തന്റെ ദാസരോടുള്ളപ്രത്യേകമായ സ്നേഹപ്രകടനം നടത്തുന്നു. തിരുനബി(സ.അ)ന്റെ ഹദീസ് ഇതിന് സാക്ഷ്യം വഹിക്കുന്നു.എന്നാൽ എപ്പോഴും നാം ഓർത്തിരിക്കേണ്ടത് ആദ്യചുവട് വെക്കേണ്ടത് ദാസനാണ്. ഇവിടെ جَاهَدُوْا فِيْنَا എന്നതിന്റെ അർത്ഥം തന്റെ കഴിവിന്റെ പരമാവധി, സ്ഥിരചിത്തരായികൊണ്ട് പ്രയാസങ്ങൾ സഹിച്ചുകൊണ്ട് കഠിനപ്രയത്നം ചെയ്യേണ്ടതാണ് എന്നാണ്. ഈ ലക്ഷ്യം കരസ്ഥമാക്കുന്നതിനായി സ്ഥിരചിത്തത അനിവാര്യമാണ്. തിന്മക്കെതിരിൽ ഉന്നതധാർമ്മികഗുണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പോരാടുകയും ചെയ്യുക.

ഈ പ്രവർത്തനങ്ങൾ നിസ്സാരകാര്യമല്ല.ഞാൻ നേർമാർഗ്ഗത്തിൽ ചരിക്കാൻ ശ്രമിച്ചെങ്കിലും അല്ലാഹു എനിക്ക് സൻമാർഗ്ഗത്തിന്റെ ഒരു വഴിയും കാണിച്ചു തന്നില്ല എന്ന് ചിലർ പറയാറുണ്ട്.സൻമാർഗ്ഗം ലഭിക്കണമെങ്കിൽ ആദ്യം തിന്മകളെ വിടപറയുകയും അതിനായി പരിശ്രമിക്കുകയും സ്ഥിരചിത്തത കാണിക്കുകയും ചെയ്യേണ്ടതാണ്.ഈ നിബന്ധനകൾ നാം പാലിച്ചാൽ നന്മ തിന്മകളെ കുറിച്ച് അറിവു നൽകുകയും മനുഷ്യനെ വഴിതെറ്റിക്കാൻ ശൈത്വാന് സ്വാതന്ത്ര്യം നൽകുകയും ചെയ്ത ദൈവം പറയുന്നത് ഇങ്ങനെയുള്ളവരെ അഗ്നികുണ്ഡത്തിൽ വീഴാൻ ഞാൻ ഒരിക്കലും അനുവദിക്കുകയില്ലെന്നാണ്.അവനെ ഞാൻ രക്ഷിക്കുന്നതാണ്. ഇങ്ങനെ മനുഷ്യൻ പരിശ്രമിക്കുമ്പോൾ സ്നേഹനിധിയായ ഒരു മാതാവിനെപ്പോലെ അല്ലാഹു ദാസനിലേക്ക് ഓടി വരുന്നതാണ്.എന്നിട്ട് അവൻ തന്റെ ദാസനെ മാതാവ് തന്റെ കുഞ്ഞിനെ മാറോട് ചേർക്കുന്നതുപോലെ മാറോട് ചേർക്കുന്നതാണ്.

അതുകൊണ്ട് ദൈവവും ദാസനും തമ്മിലുള്ള ബന്ധത്തിൽ വല്ല കുറവും വരുന്നുണ്ടെങ്കിൽ അത് ദാസന്റെ ന്യൂനത കാരമാണ്. മാതാപിതാകൾക്ക് ആദരവ് നൽകാത്ത ധിക്കാരിയായ കുട്ടിയുടെ സ്വഭാവം കാരണമാണ് ആ ബന്ധത്തിൽ വിടവുണ്ടാകുന്നത്. മാതാവ് തന്റെ കുട്ടിയുടെ ഓരോ വിളിയിലും അസ്വസ്ഥയായികൊണ്ടാണ് കുട്ടിയുടെ അടുത്തേക്ക് ഓടി അടുക്കുന്നത്. അതുകൊണ്ട് ധിക്കാരിയായ മകനെപ്പോലെ ആകാതിരിക്കാൻ ശ്രമിക്കേണ്ടത് മനുഷ്യന്റെ ജോലിയാണ്. എപ്പോഴും തന്നെ ബലഹീനനും ആശ്രിതനുമായി തന്നെ കണക്കാക്കുക. അല്ലാഹുവിന്റെ സഹായത്തിന്റെ ആവശ്യം തനിക്കില്ലെന്ന് ഒരു നിമിഷം പോലും കരുതരുത്. ആശ്രയരഹിതൻ അല്ലാഹു മാത്രമാണ്. അവൻ ആകാശഭൂമിയുടെ ഉടമസ്ഥനാണവൻ. സർവ്വലോകത്തിന്റേയും രക്ഷിതാവാണവൻ. ദാസൻ എപ്പോൾ വിളിക്കുകയാണെങ്കിലും ദാസനിലേക്ക് ഓടിയടുക്കാൻ അവൻ ദാസന്റെ വിളി കാതോർത്തിരിക്കുകയാണ്.

അത്കൊണ്ട് ഈ ലഭിച്ചിരിക്കുന്ന ആത്മീയ അന്തരീക്ഷത്തിൽ ഓരോരുത്തരും തങ്ങളുടെ ആത്മപരിശോധന നടത്തിക്കൊണ്ട് അല്ലാഹു എനിക്ക് എപ്പോഴും പ്രവർത്തനനിരതനായി അവന്റെ മാർഗ്ഗത്തിൽ ചരിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ എന്ന് തേടിക്കൊണ്ടിരിക്കുക. ഈ എല്ലാ ദുആകളും ഒരുമിച്ച് ഒരേ ലക്ഷ്യത്തിന് വേണ്ടി ആകാശമണ്ഡലത്തിൽ എത്തുമ്പോൾ, മാത്രമല്ല അല്ലാഹു കരസ്ഥമാക്കണം എന്നു പറഞ്ഞ ലക്ഷ്യവും കൂടി ആയിരിക്കുമ്പോൾ, തീർച്ചയായും ഈ ദുആകളും പരിശ്രമങ്ങളും ദൈവസവിധത്തിൽ സ്വീകരിക്കപ്പെടുന്നതാണ്. അതുകൊണ്ട് എല്ലാ വിധ കഴിവുകളും ഉപയോഗിച്ചുകൊണ്ട് നന്മകൾ ചെയ്യുകയും തങ്ങളുടെ ബലഹീനതകളെന്താണെന്ന് മനസ്സിലാക്കി, കഠിനപ്രയത്നത്തിലൂടെ തിന്മകൾ വർജ്ജിച്ചുകൊണ്ട് നാം ദുആ ചെയ്യുകയും ചെയ്താൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കാഴ്ചകൾ നമുക്ക് കാണാൻ സാധിക്കുന്നതാണ്.(ഇൻശാഅല്ലാഹ്).

അഹ്മദിയ്യത്ത് സ്വീകരിച്ചു എന്നതുകൊണ്ട് കാര്യമായില്ല. ദൈവസാമീപ്യത്തിനുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചുകൊണ്ടേ ഇരിക്കേണ്ടതാണ്. അല്ലാഹുവിനെ ലഭിക്കണം എന്ന ആവേശം നമ്മുടെ പ്രവർത്തനങ്ങളിൽ പ്രകടമാകേണ്ടതാണ്. നമ്മുടെ വിശ്വാസങ്ങളെ എപ്പോഴും സംരക്ഷിക്കുന്നവരായി നാം മാറട്ടെ. നമ്മുടെ ഓരോ സദ്പ്രവർത്തനവും അടുത്ത സദ്പ്രവർത്തനത്തിലേക്ക് വഴികാട്ടിയായിത്തീരട്ടെ. സദുദ്ദേശ്യത്തോടെ സദ്ഖ നൽകുന്നവരാണെങ്കിൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി നാം മാറും. അതോടൊപ്പം ജനങ്ങളോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നവരും ജനങ്ങളുടെ അവകാശങ്ങൾ നൽകുന്നവരും നമ്മുടെ രക്തബന്ധുക്കളോടുള്ള കടമകൾ നിറവേറ്റുന്നവരും ഭാര്യ ഭർത്താവിന്റേയും, ഭർത്താവ് ഭാര്യയുടേയും വികാരങ്ങളെ മാനിക്കുന്നവരും അമാനത്തുകളോടുള്ള കട

മകൾ നിറവേറ്റുന്നവരും വഞ്ചിക്കാത്തവരുമായി നാം മാറുന്നതാണ്. അതുകൊണ്ട് ഒരു നന്മക്ക് വേണ്ടി നാം പരിശ്രമിക്കുമ്പോൾ അല്ലാഹുവിന്റെ ഫള്ലുകൊണ്ട് ആ നന്മ മറ്റു നന്മകൾക്ക് പിറവി നൽകുന്നു.

അല്ലാഹുവിനു വേണ്ടി ആരാണോ റമദാനിൽ വിശപ്പ് സഹിക്കുന്നത് അവർ അല്ലാഹു നിർബന്ധമാക്കിയ മറ്റുകാര്യങ്ങളും നമസ്കാരവും അനുഷ്ഠിക്കുകയില്ലെന്ന് എങ്ങിനെ കരുതാൻ സാധിക്കും? അവർ നമസ്കാരങ്ങൾ അതിന്റെ നിബന്ധനകളോടുകൂടി അനുഷ്ഠിക്കില്ലെന്ന് എങ്ങിനെ പ്രതീക്ഷിക്കാൻ കഴിയും? തന്റെ ധനം അല്ലാഹുവിന്റെ പ്രീതിക്കായി ചെലവഴിക്കുന്ന വ്യക്തി വഞ്ചനയിലൂടെ മറ്റുള്ളവരുടെ ധനം എങ്ങിനെ ഭക്ഷിക്കാനാണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ)നാൽ സ്ഥാപിതമായ അൽവസിയ്യത്ത് പദ്ധതിയിൽ അംഗമായ ഒരു വ്യക്തി അല്ലാഹുവിന്റെ പ്രീതിക്കായി അതിൽ അംഗമായിട്ടുണ്ടെങ്കിൽ അദ്ദേഹം തഖ്‌വയിലൂടെ ചരിച്ചുകൊണ്ട് അല്ലാഹുവിന്റെ എല്ലാ കടപ്പാടുകളും ഫർളുകൾ മുഖേനയും നഫലുകൾ മുഖേനയും നിർവ്വഹിക്കാൻ പരിശ്രമിക്കുന്നതാണ്. സൃഷ്ടികളോടുള്ള കടപ്പാടുകളും ഫർളുകളും നഫലുകളുമായി അവർ ചെയ്തു വീട്ടുന്നതാണ്.

ചുരുക്കത്തിൽ, നാം സ്ഥിരചിത്തതയോടു കൂടി ചെയ്യേണ്ട ജിഹാദാണിത്. ഇത് നാം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനായി ചെയ്യുകയാണെങ്കിൽ ഒരു നന്മക്ക് ശേഷം അടുത്ത നന്മ ചെയ്യുവാനുള്ള തൗഫീഖ് നമുക്ക് ലഭിക്കുന്നതാണ്. മറ്റു വിധത്തിൽ പറഞ്ഞാൽ, അല്ലാഹു തന്നിലേക്ക് വരാനുള്ള മാർഗ്ഗങ്ങൾ അവന് കാണിച്ചുകൊടുക്കുന്നതാണ്. ഒരു പദവിക്കുശേഷം അടുത്ത പദവിയിലേക്ക് പ്രവേശിക്കാനുള്ള മാർഗ്ഗദർശനം അല്ലാഹു നൽകുന്നതാണ്. ഇതിന്നായി ഇബാദത്തകളും ഇസ്തിഗ്ഫാറും ദിക്റെ ഇലാഹിയും ബലഹീനതകൾ അകറ്റുന്നതിന്നായി സ്ഥിരമായി ദുആ ചെയ്യേണ്ടതും അതോടൊപ്പം അല്ലാഹുവിന്റെ സ്ഥിരമായ സഹായം ലഭിക്കേണ്ടതിന്റെയും ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ തൗബയും ഇസ്തിഗ്ഫാറും ദൈവസാമീപ്യത്തിലേക്കുള്ള മാർഗ്ഗങ്ങളാണ്. ഇവ ദൈവപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളാണ്. ഈ ദിനങ്ങളിൽ ഈ കാര്യത്തിലേക്കും പ്രത്യേക ശ്രദ്ധ തിരിക്കുക.

ഇസ്തിഗ്ഫാറിന്റെ പ്രാധാന്യത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് അരുളുന്നു:-

ഇസ്തിഗ്ഫാറിന്റെ ശരിയായ അർത്ഥം ഇതാണ്; മാനുഷികമായ ബലഹീനതകൾ പ്രകടമാകാതിരിക്കട്ടെ എന്നും അല്ലാഹു നമ്മുടെ പ്രകൃതത്തിന് അവന്റെ ശക്തിയുടെ ആശ്രയം നൽകുകയും ചെയ്യട്ടെ എന്നും അല്ലാഹുവിനോട് തേടിക്കൊണ്ടിരിക്കുക. അതോടൊപ്പം തന്റെ സംരക്ഷണത്തിന്റെയും സഹായത്തിന്റെയും വലയത്തിൽ അവൻ നമ്മെ വെക്കുകയും ചെയ്യട്ടെ എന്നും ദുആ ഇരക്കുക. ഈ പദം **ഗഫറ** എന്ന വാക്കിൽനിന്നാണ് നിഷ്പന്നമായിട്ടുള്ളത്. അതിന്റെ അർത്ഥം മൂടിവെക്കുക എന്നാണ്. അല്ലാഹു തന്റെ കഴിവിന്നാൽ ഇസ്തിഗ്ഫാർ ചെയ്യുന്നവ്യക്തിയുടെ വ്യക്തിപരമായ ബലഹീനതകൾ മൂടി വെക്കട്ടെ എന്ന് അർത്ഥിക്കുക. ഇസ്തിഗ്ഫാർ എന്നത് സാധാരണക്കാർക്കുവേണ്ടി ഉപയോഗിക്കുമ്പോൾ അത് മറ്റു വിശാലമായ അർത്ഥങ്ങൾ കൂടി ഉൾക്കൊള്ളുന്നു. അവരിൽനിന്നും വന്നുപോയിട്ടുള്ള തെറ്റുകൾ അല്ലാഹു മറച്ചുവെക്കുമാറാകട്ടെ എന്ന അർത്ഥവും ഇതിനുണ്ട്. ഇതിന്റെ ശരിയായ അർത്ഥം അല്ലാഹു തന്റെ കഴിവ് പ്രകടിപ്പിച്ചുകൊണ്ട് ഇസ്തിഗ്ഫാർ ചെയ്യുന്ന വ്യക്തിയുടെ ബലഹീനതകൾ മൂടി വെക്കുക എന്നതാണ്. അല്ലാഹു ആ വ്യക്തിക്ക് തന്റെ കഴിവുകൊണ്ട് കഴിവ് നൽകുകയും തന്റെ അറിവു കൊണ്ട് അറിവ് നൽകുകയും തന്റെ പ്രകാശം കൊണ്ട് പ്രകാശം നൽകുകയും ചെയ്യട്ടെ. കാരണം ദൈവം മനുഷ്യനെ സൃഷ്ടിച്ചതിനു ശേഷം അവനെ വിട്ടേച്ച് പോയ്ക്കളഞ്ഞില്ല. മനുഷ്യന്റെ സൃഷ്ടാവും അവന്റെ ആന്തരീകവും ബാഹ്യവുമായ എല്ലാ കഴിവുകളും ഉണ്ടാക്കിയവനുമായതുപോലെ അവൻ **ഖയ്യൂമും** കൂടിയാണ്. ഉണ്ടാക്കിയതിനെ തന്റെ പ്രത്യേക കഴിവുകൾകൊണ്ട് സുരക്ഷിതമാക്കി വെക്കുകയും ചെയ്യുന്നവനാണ്. അതുകൊണ്ട് അല്ലാഹുവിന്റെ നാമം ഖയ്യൂം എന്നുകൂടിയുള്ളതുകൊണ്ട്, തന്റെ കഴിവുകൾ കൊണ്ട് അവയെ നിലനിർത്തുന്നവനായതുകൊണ്ട്, മനുഷ്യൻ അല്ലാഹുവിന്റെ خالقیت ഖാലികിയ്യത്ത് (സൃഷ്ടകർതൃത്വം) കൊണ്ട് സൃഷ്ടിക്കപ്പെട്ടതുപോലെ മനുഷ്യന്റെ സൃഷ്ടിപ്പിലുള്ള ഗുണവിശേഷങ്ങളെ അല്ലാഹുവിന്റെ ഖയ്യൂമിയ്യത്ത് എന്ന ഗുണത്തിലൂടെ അത് മോശമാകുന്നതിൽ നിന്നും സംരക്ഷിക്കുകയും ചെയ്യേണ്ടതാണ്. അതുകൊണ്ട് ഈ സംക്ഷണത്തിന്നായി ഇസ്തിഗ്ഫാർ ചെയ്യേണ്ടത് മനുഷ്യന് അനിവാര്യമാണ്.

പറയുന്നു;- മനുഷ്യൻ സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞപ്പോൾ ഖാലിക്കിയ്യത്ത് (സൃഷ്ടികർതൃത്വം) എന്ന പ്രവൃത്തി പൂർത്തിയായി. എന്നാൽ قیومیت (ഖയ്യൂമിയത്ത്) എന്ന പ്രവൃത്തി എന്നെന്നേക്കും വേണ്ടിയുള്ളതാണ്. അതുകൊണ്ടാണ് സ്ഥിരമായി ഇസ്തിഹ്ഫാറിന്റെ ആവ ശ്യം നേരിടുന്നത്.'

ഇസ്തിഗ്ഫാറിന്റെ ഈ തത്വജ്ഞാനം മനസ്സിലാക്കിക്കൊണ്ട് നാം ഇസ്തിഗ്ഫാർ ചെയ്യേണ്ടതാണ്. മനുഷ്യൻ ബലഹീനനായതുകൊണ്ട് തന്റെ ശക്തികൊണ്ട് തിന്മയിൽനിന്ന് വിട്ടുനിൽക്കാൻ അവന് സാധ്യമല്ല. നഫ്സെ അമ്മാറ(ദോഷപ്രവണമായ ആത്മാവ്) ചിലപ്പോൾ മനുഷ്യനെ കീഴ്പ്പെടുത്തുന്നു. ഈ ദൂഷ്യങ്ങളിൽനിന്നും അതിക്രമങ്ങളിൽനിന്നും രക്ഷപ്പെടണമെങ്കിൽ സ്ഥിരമായി അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടിരിക്കണം. എല്ലാ മാർഗ്ഗത്തിലും ഇരുന്നുകൊണ്ട് നിന്റെ ദാസരെ ഞാൻ വഴിതെറ്റിക്കുകയും തിന്മയിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്യും എന്ന് ശൈത്വാൻ അല്ലാഹുവിനോട് പറഞ്ഞതാണ്. അല്ലാഹു അതിന് മറുപടി പറഞ്ഞത്, എന്റെ യഥാർത്ഥ ദാസർ ഒരിക്കലും നിന്റെ വഞ്ചനയിൽ അകപ്പെടുന്നതല്ല എന്നാണ്. അതുകൊണ്ട് ശൈത്വാന്റെ അക്രമത്തിൽനിന്നും രക്ഷപ്പെടുന്നതിന് കഠിനമായി പരിശ്രമിക്കേണ്ടതാണ്. വലിയ വലിയ പ്രതീക്ഷകൾ നൽകിക്കൊണ്ടാണ് ശൈത്വാൻ വഴിതെറ്റിക്കാൻ ശ്രമിക്കുന്നത്. ഇതിൽനിന്നും രക്ഷപ്പെടാനുള്ള വഴിയാണ് ഇസ്തിഗ്ഫാറായി അല്ലാഹു നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു;- പരിശ്രമിക്കുന്നവർക്ക് ഞാൻ ഹിദായത്തിനുള്ള മാർഗ്ഗം കാണിച്ചുകൊടുക്കുന്നതാണ്. ശൈത്വാൻ എല്ലാ വഴികളിലും വഴി തെറ്റിക്കാൻ ഇരിക്കുന്നുണ്ടെങ്കിലും അല്ലാഹു പറയുന്നത് എന്നിലേക്ക് വരുന്നതിന്നായി പരിശ്രമിക്കുന്നവർക്ക് ഞാൻ എന്നിലേക്കുള്ള വഴി കാണിച്ചുകൊടുക്കും എന്നാണ്. അതുകൊണ്ട് സ്ഥിരചിത്തരായിക്കൊണ്ട് ഇസ്തിഗ്ഫാർ ചെയ്യുകയാണെങ്കിൽ തിന്മയിൽ നിന്നും വിട്ടുനിൽക്കാനുള്ള ശക്തി കരഗതമാകുന്നതാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയവർ ഭാഗ്യവാന്മാരാണ്. ഈ അനുഗ്രഹീത അവസരം വിനിയോഗിച്ചുകൊണ്ട് തങ്ങളുടെ ധാർമികവും ആദ്ധ്യാത്മീകവുമായ എല്ലാ ബലഹീനതകളും മനസ്സിലാക്കി അതിൽനിന്നും മുക്തിനേടാനായി പരിശ്രമിക്കുകയും അതിൽനിന്നും രക്ഷപ്പെടാനുള്ള ഒരാവേശം അവരുടെ ഹൃദയങ്ങളിൽ അലതല്ലുകയും ചെയ്യുന്നുണ്ടെങ്കിൽ അവർ ഭാഗ്യവാന്മാരാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വചനങ്ങൾക്കുള്ള ഒരു പ്രത്യേകത ഓരോ വാക്കും തന്നെ യുക്തി ഭദ്രമായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, ' മാനുഷികമായി ബലഹീനതകളൊന്നും വെളിപ്പെടാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നതാണ് ഇസ്തിഗ്ഫാർ. മനുഷ്യൻ പൊതുവെ ബലഹീനനാണ്. അതുകൊണ്ട് മാനുഷിക വൈകല്യങ്ങൾ അവനിൽനിന്നും വെളിപ്പെടും. പരിപൂർണ്ണ മനുഷ്യനായി ഒരു വ്യക്തിയെ മാത്രമാണ് അല്ലാഹു സൃഷ്ടിച്ചത്. അത് മുഹമ്മദ് റസൂലുല്ലാഹി(സ) തങ്ങളാണ്. ചുരുക്കത്തിൽ മാനുഷിക ബലഹീനതകൾ മനുഷ്യരിൽ ഉണ്ടായിരിക്കും. എന്നാൽ ഇസ്തിഗ്ഫാറിലൂടെ ആ ബലഹീനതകളൊന്നും വെളിപ്പെടാതിരിക്കും. വല്ലപ്പോഴും അത് വെളിപ്പെടുന്ന അവസരം വന്നാൽ തന്നെയും അല്ലാഹു അത് വെളിപ്പെടുവാനുള്ള സാഹചര്യം ഇല്ലാതെയാക്കുന്നതാണ്. ഉദാഹരണത്തിന് കോപം തന്നെയെടുക്കാം, ഇഷ്ടപ്പെടാത്ത ഒരു കാര്യം കാണുമ്പോൾ ദേഷ്യം വരുന്നു. അത് പ്രകടിപ്പിക്കുകയും ചെയ്തു പോകുന്നു, എന്നാൽ ഇസ്തിഗ്ഫാറിന്റെ കവചനത്തിനുള്ളിൽ കഴിഞ്ഞു കൂടുന്ന ഒരു വ്യക്തിക്ക് അനവസരത്തിലുള്ള കോപം വരുന്നതല്ല. അനുയോജ്യമായ സ്ഥലത്ത് ദേഷ്യം വന്നാൽ തന്നെയും കോപാന്ധനായി അവൻ പ്രവർത്തിക്കില്ല. മറിച്ച് ഇസ്‌ലാഹിന് വേണ്ടിയായിരിക്കും അവന്റെ കോപം പ്രകടമാകുന്നത്. ഇങ്ങനെയുള്ള പല ബലഹീനതകളും മനുഷ്യനിൽ കുറഞ്ഞും കൂടിയും ഇരിപ്പുണ്ട്. എന്നിൽ ഒരു പരിശുദ്ധ മാറ്റം വരണം എന്ന ആഗ്രഹത്തോടെ പരിശ്രമിക്കുകയാണെങ്കിൽ അല്ലാഹു തിന്മകളിൽ നിന്ന് മനുഷ്യനെ അകറ്റുകയും അതിന്റെ ദൂഷ്യഫലങ്ങളിൽ നിന്ന് അവനെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്.

മനുഷ്യപ്രകൃതം നന്മയിൽ അധിഷ്ഠിതമാണ്. തിരുനബി(സ) അരുളിയത് ഓരോ മനുഷ്യനും തന്നെ സൽ പ്രകൃതത്തിലാണ് ജനിക്കുന്നതെന്നാണ്. അവന്റെ ചുറ്റുപാട് അവനെ ഏതെങ്കിലും ദിശയിലേക്ക് തിരിച്ചുവിടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇസ്തിഗ്ഫാർ മനുഷ്യനിലുള്ള നന്മയെ ഉത്തേചിപ്പിക്കുകയും തിന്മയെ അടക്കിവെക്കുകയും ചെയ്യുന്നു. അതോടൊപ്പം നന്മകളെ തന്റെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്നതിനും ഇസ്തിഗ്ഫാർ ആവശ്യമാണ്.

അതിനാൽ സ്വയം ആത്മപരിശോധന നടത്തിക്കൊണ്ട് പ്രാർത്ഥനാനിരതരായി അല്ലാഹുവിനോട് ഇപ്രകാരം ദുആ ഇരക്കുക. നാഥാ! കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിക്കാനുള്ള ഭാഗ്യം നൽകിയ ഞങ്ങൾക്ക് നീ, ആ മഹാത്മാവ് ജമാഅത്തംഗങ്ങളിൽ കാണാൻ ആഗ്രഹിക്കുന്ന ഉന്നതസ്ഥാനം കരസ്ഥമാക്കാനുള്ള തൗഫീഖ് നൽകേണമേ. ഭൗതികതയിൽ മുന്നേറുക എന്നതല്ലാതിരിക്കട്ടെ നമ്മുടെ ലക്ഷ്യം. മറിച്ച് നന്മയിൽ മുന്നേറുകയും അല്ലാഹുവിന്റെ പ്രീതിയിൽ മുൻകടക്കുകയും ചെയ്യുക എന്നതായിരിക്കട്ടെ. ആരുടെയെങ്കിലും സമ്പത്ത് കണ്ടിട്ട് എനിക്കും അത് ലഭിക്കണം എന്ന് ആഗ്രഹിക്കരുത്. സമ്പത്ത് സ്വരുകൂട്ടുമ്പോഴും എനിക്ക് ദീനിനു വേണ്ടി ഇത് വിനിയോഗിക്കാൻ കഴിയുമല്ലോ എന്ന ചിന്തയാണ് ഉണ്ടായിരിക്കേണ്ടത്. ഇനി ആരെയെങ്കിലും കണ്ട് നമുക്ക് വല്ല ആഗ്രഹവുമുണ്ടാകുന്നുണ്ടെങ്കിൽ, മറ്റുള്ളവരുടെ നന്മകൾ കണ്ട് അത് സ്വായത്തമാക്കാനുള്ള ആഗ്രഹം ഉണ്ടാകട്ടെ. അതിന് അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ എന്ന് ദുആ ചെയ്യുകയും ചെയ്യുക.

ഡ്യൂട്ടിയിലുള്ളവരും നടന്നും ഇരുന്നും ജോലി ചെയ്യുമ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികളെ സേവിക്കാനുള്ള തൗഫീക്ക് ലഭിച്ചതിൽ അവർ സന്തോഷിക്കട്ടെ. അതിഥികളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് ഡ്യൂട്ടിയിലുള്ളവരുടെ കടമയാണ്. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു പറഞ്ഞിരിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു തആല ഇപ്രകാരം അരുളിയിരുന്നു. يَأْتُونَ مِنْ كُلِّ فَجٍّ عَمِيقٍ ജനങ്ങൾ കൂട്ടം കൂട്ടമായി വരുന്നതാണ്. അവരുടെ ആധിക്യം കാരണം വഴികൾ കുണ്ടും കുഴിയുമായിത്തീരും. മറ്റൊരു സ്ഥലത്ത് പറയുന്നു. അല്ലാഹു എന്നോട് ഇപ്രകാരം പറയുകയുണ്ടായി. ജനങ്ങളുടെ ആധിക്യം കണ്ട് ഒരിക്കലും നീ ഭയപ്പെടരുത്. അതിഥികളോട് നല്ല രീതിയിൽ വർത്തികാൻ അല്ലാഹു അദ്ദേഹത്തോട് പറയുകയും ചെയ്തു. അതുകൊണ്ട് ഇവിടെയുള്ള ജോലിക്കാരും ദൂരെദൂരെ സ്ഥലങ്ങളിൽ നിന്നും വരുന്ന ഈ അതിഥികളെ വേണ്ടരീതിയിൽ സേവിക്കേണ്ടതാണ്. ഡ്യൂട്ടിയിലുള്ളവർക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികളെ സേവനം ചെയ്യാനുള്ള ഭാഗ്യം കിട്ടുന്നതോടൊപ്പം ആത്മീയ അഭിവൃദ്ധി കരസ്ഥമാക്കാനുള്ള ഒരന്തരീക്ഷംകൂടി ഇവിടെ ലഭിക്കുന്നു എന്നത് സന്തോഷകരംതന്നെ. അതിഥികൾക്കും സന്തോഷത്തിന് പല കാരണങ്ങളുണ്ട്. يَأْتُونَ مِنْ كُلِّ فَجٍّ عَمِيقٍ എന്ന ഇൽഹാമിനെ പൂർത്തിയാക്കുന്നവരിൽ ഞങ്ങളും ഉൾപ്പെട്ടു എന്ന കാര്യത്തിൽ അവർക്ക് സന്തോഷിക്കാം. അതോടൊപ്പം ഈ ജൽസയിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ് (അ) ചെയ്ത ദുആകൾക്ക് അനന്തരാവകാശികളായി അവർ മാറുകയും ചെയ്യുന്നതാണ്.

ചുരുക്കത്തിൽ, ഇൽഹാമിൽ ആരെക്കുറിച്ചാണോ വരും എന്ന് പറഞ്ഞിരിക്കുന്നത് അവർ തങ്ങളിൽ ഒരാത്മീയപരിവർത്തനം ഉണ്ടാക്കുന്നതിന്നായി ആ മഹാത്മാവിന്റെ അടുത്ത് വരുന്നവരാണ്. ഈ കാര്യം ഓരോരുത്തരും മനസ്സിലാക്കുകയാണെങ്കിൽ ഓരോ അഹ്മദിയും പരസ്പരം സ്നേഹിക്കുന്നവരായും ഇബാദത്തുകൾ അനുഷ്ഠിക്കാൻ പരിശ്രമിക്കുന്നവരായും ഇബാദത്തുകളുടെ നിലവാരം ഉയർത്തുന്നതിനായി പ്രയത്നിക്കുന്നവരായും മാറുന്നതാണ്. ഇസ്തിഗ്ഫാറും ദുആയും മുഖേന ഇതിനെ നിലനിർത്തുവാൻ പരിശ്രമിക്കുകയാണെങ്കിൽ പരസ്പരമുള്ള ബന്ധങ്ങൾ അകലുവാൻ കാരണമായിത്തീരുന്ന ന്യൂനതകളെ അല്ലാഹു ഇല്ലാതാക്കുന്നതാണ്. ഭാരവാഹികളെക്കുറിച്ച് ജനങ്ങൾക്കും ജനങ്ങളെക്കുറിച്ച് ഭാരവാഹികൾക്കും പല പരാതികളും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട് അതെല്ലാം ഇല്ലാതായിത്തീരുന്നതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാനും ഹദ്റത്ത് മസീഹ് മൗഊദ് (അ) ചെയ്ത ദുആകൾക്ക് അനന്തരാവകാശികളാകാനും ആഗ്രഹിച്ചുകൊണ്ടാണ് ഈ ജൽസയിൽ പങ്കെടുക്കുന്നതെങ്കിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ പ്രതീക്ഷ അർപ്പിച്ച ആ ഉന്നത സ്ഥാനങ്ങളിലേക്ക് എത്താൻ നാം ശ്രമിക്കേണ്ടതാണ്. പറയുന്നു. ബൈഅത്തി ന്റെ യഥാർത്ഥ പൊരുൾ എന്താണെന്ന് മനസ്സിലാക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ബൈഅത്ത് ചെ യ്യുന്ന വ്യക്തി തന്നിൽ യഥാർത്ഥ പരിവർത്തനവും തന്റെ ഉള്ളിൽ ദൈവ ഭയവും ഉണ്ടാക്കുക എന്നതാണ് ബൈഅത്ത് കൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ യഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് തന്റെ ജീവിതത്തിൽ പരിശുദ്ധമാതൃക നിലനാട്ടിക്കാണിക്കുക. ഇതില്ലെങ്കിൽ ബൈഅത്ത് കൊണ്ട് പ്രയോജനമൊന്നുമില്ല. പ്രതിജ്ഞ ചെയ്തതിനു ശേഷം അറിഞ്ഞുകൊണ്ട്തന്നെ ധിക്കരിക്കുക എന്നത് വലിയ അപകടമാണ്. ജമാഅത്തംഗങ്ങളുടെ ബലഹീനതയുടേയും മോശമായ പെരുമാറ്റത്തിന്റേയും ദൂഷ്യങ്ങൾ നമ്മേയാണ് ബാധിക്കുക. മാത്രമല്ല, നമ്മെക്കുറിച്ച് ജനങ്ങൾക്ക് ആക്ഷേപിക്കാനുള്ള ഒരവസരം കൂടി നാം

ഒരുക്കിക്കൊടുക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഇക്കാര്യത്തിൽ നമ്മുടെ ഉപദേശം ഇതാണ്; നിങ്ങൾ മാതൃയോഗ്യവും ഉത്തമവുമായ ജീവിതം നയിക്കുന്നവരായി നിങ്ങളെ മാറ്റുക.

പറയുന്നു:- കൂടുതലായി തൗബ ചെയ്യുന്ന വ്യക്തികളെ അല്ലാഹു സ്നേഹിക്കുന്നു. തൗബ ചെയ്യാത്ത വ്യക്തി പാപത്തിലേക്ക് ചായുന്നു. പാപം അവസാനം നിഷേധം വരെ എത്തിക്കുന്നു. അത്കൊണ്ട് നിങ്ങൾ നിങ്ങളിൽ വിപ്ലവകരമായ ഒരു മാറ്റം ഉണ്ടാക്കിക്കാണിക്കുക. നിങ്ങൾക്ക് അന്യരിൽ നിന്ന് വ്യക്തമായ വ്യതിരിക്തത ഉണ്ടായാൽ മാത്രമെ അല്ലാഹു നിങ്ങളെ സഹായിക്കുകയുള്ളൂ.

പറയുന്നു, ബൈഅത്തിന്റെ ഏറ്റുപറച്ചിൽ വെറും വാക്കുകളിൽ മാത്രം ഒതുങ്ങുകയാണെങ്കിൽ ഈ ബൈഅത്ത് ഒരു ഗുണവും ചെയ്യുന്നതല്ല. നിങ്ങളുടെ പ്രവർത്തനം നിങ്ങൾ അഹ്മദികളാണെന്ന് സാക്ഷ്യം വഹിക്കട്ടെ.

പറയുന്നു ,ദീനിന് ദുൻയാവിനേക്കാൾ മുൻഗണന നൽകുമെന്ന് ഏറ്റുപറഞ്ഞിട്ടുണ്ടല്ലോ?. ഇതിനെ എപ്പോഴും മനനം ചെയ്തുകൊണ്ടിരിക്കുക. ഇതനുസരിച്ചുകൊണ്ട് പ്രായോഗികജീവിതത്തിൽ ഉത്തമ മാതൃക കാണിക്കുകയും ചെയ്യുക.

പറയുന്നു:- ഉദ്ബോധന ക്ലാസ്സുകളും പ്രസംഗങ്ങളും എല്ലാം കേൾക്കുമ്പോൾ തഖ്‌വ സ്വായത്തമാക്കാനുള്ള അടങ്ങാത്ത ആവേശം അപ്പോൾ ഹൃദയത്തിലുണ്ടാകും. എന്നാൽ വീണ്ടും അലസരായിത്തീരുന്നു. അതുകൊണ്ട് നമ്മുടെ ജമാഅത്തിലുള്ളവർ ഒരു പരിതസ്ഥിതിയിലും അല്ലാഹുവിനെ മറക്കുന്നവരായി മാറരുത്. അവനോട് തന്നെ സഹായം തേടി കൊണ്ടിരിക്കുക.

ഏതോ ഒരഹ്മദിയുടെ തെറ്റുകളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മുമ്പാകെ വിവരിച്ചുകൊണ്ട് ഒരാൾ ചോദിക്കുകയുണ്ടായി.

ഹുസൂർ അദ്ദേഹത്തെ അഹ്മദി എന്ന് പറയണോ, അതോ കാഫിർ എന്ന് പറയണോ? ഇതു കേട്ടപ്പോൾ അവിടുന്ന് അരുളി. നിങ്ങൾ നിങ്ങളുടെ കാര്യം നോക്കുക, നിങ്ങളുടെ അവസ്ഥ ശരിയാക്കുക. ഓരോരുത്തരുടേയും കാര്യം അല്ലാഹുവിന്റെ പക്കൽ വ്യത്യസ്ഥമാണ്. ജനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിങ്ങളെ ആരാണ് മേൽനോട്ടക്കാരനാക്കിയത്? അവരെ കാഫിറാണെന്നോ മുഅ്മിനാണെന്നോ വിധിക്കാനുള്ള ജോലി നിങ്ങളെ ആരാണ് ഏൽപ്പിച്ചത്? അനാവശ്യമായി ജനങ്ങളെ പിന്നാലെ കൂടുക എന്നത് ഒരു വിശ്വാസിക്ക് ഭൂഷണമല്ല.

അതിനാൽ ഓരോരുത്തരും സ്വയം ഒരാത്മ പരിശോധന നടത്തിക്കൊണ്ട് നന്മയിൽ മുന്നേറാൻ ശ്രമിക്കുക. ഇതായിരിക്കും ജമാഅത്തിന്റെ തഖ്‌വയുടെ നിലവാരം ഉയർത്തുന്നത്.

തുടർന്ന് പറയുന്നു. നിങ്ങളുടെ സഹോദരന്മാരിൽ ആരെങ്കിലും ബലഹീനരായിട്ടുണ്ടെങ്കിൽ അവരെക്കുറിച്ച് കുറ്റം പറയുന്നതിൽ ധൃതികാണിക്കരുത്. (ഇവിടെ മറ്റൊരു കാര്യം നാം ഓർക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നത്; ഒരു സഹോദരന്റെ ന്യൂനത കണ്ടാൽ 40 ദിവസം അവർക്കായി പ്രാർത്ഥിക്കുകയും എന്നിട്ടും ശരിയായിട്ടില്ലെങ്കിൽ ഇത് പറഞ്ഞ് പരത്താതെ അവനോട് കാര്യം പറയുകയും; ഇസ്‌ലാഹ് വന്നിട്ടില്ലെങ്കിൽ അവർക്ക് ഇസ്‌ലാഹ് വരുത്താനായി മുകളിലേക്ക് കാര്യം എത്തിക്കുകയും ചെയ്യുക എന്നതാണ്). തുടർന്ന് പറയുന്നു.

നമ്മുടെ എതിരാളികളാണെങ്കിലും നമ്മേക്കാളും നല്ലവരാണിവരെന്ന് ശത്രു പോലും പറയുന്ന രിതിയിലായിരിക്കണം നമ്മുടെ ജമാഅത്തിന്റെ പ്രവർത്തനമാതൃക. നിങ്ങളുടെ പ്രവർത്തനങ്ങൾ എപ്പോഴും ശരിയാക്കി വെക്കുക. നിങ്ങളുടെ നന്മകളെക്കുറിച്ചും, ദൈവഭക്തിയെക്കുറിച്ചും തഖ്‌വയെക്കുറിച്ചും ശത്രുക്കൾ പോലും ഏറ്റുപറയുന്നരീതിയിൽ നിങ്ങൾ നിങ്ങളെ മാറ്റിയെടുക്കുക.

ഓർക്കുക! അല്ലാഹുവിന്റെ ദൃഷ്ടി ഹൃദയാന്തരാളങ്ങളിൽ വരെ എത്തുന്നതാണ്. അത്കൊണ്ട് വാചാലത കൊണ്ട് മാത്രം അവൻ സന്തുഷ്ടനാകുകയില്ല. കലിമ ചൊല്ലിയതുകൊണ്ടൊ ഇസ്തിഗ്ഫാറിന്റെ മന്ത്രം ഉരുവിട്ടതുകൊണ്ടോ മനുഷ്യന് എന്ത് ഫലമുണ്ടാകാനാണ്?

ഹൃദയം കൊണ്ട് കലിമ ചെയ്യുന്നില്ലെങ്കിൽ, ഹൃദയം കൊണ്ട് ഇസ്തിഗ്ഫാർ ചെയ്യുന്നില്ലെങ്കിൽ ഒരു പ്രയോജനവും ഉണ്ടാകുന്നതല്ല. ചിലർ അസ്തഗ്ഫിറുല്ലാഹ് എന്ന് ചൊല്ലിക്കൊണ്ടിരിക്കും. എന്നാൽ അതിന്റെ ആശയമെന്താണെന്ന്പോലും അക്കൂട്ടർക്കറിവുണ്ടാകില്ല. കഴിഞ്ഞുപോയ തെറ്റുകൾ പൊറുത്തു തരാൻ വേണ്ടി ആത്മാർത്ഥ ഹൃദയത്തോടുകൂടി തേടേണ്ടതാണ്. ഇനി ഭാവിയിൽ ഒരു തെറ്റും ചെയ്യുന്നതല്ലെന്ന പ്രതിജ്ഞ എടുക്കുകയും വേണം. അതോടൊപ്പം തന്നെ അവന്റെ ഫള്‌ലും സഹായവും ലഭിക്കുന്നതിനായി അപേക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിന് നൽകിയ ചില ഉപദേശങ്ങളാണ് ഞാനിപ്പോൾ കേൾപ്പിച്ചിരിക്കുന്നത്. ഇതിനെ മുന്നിൽ വെച്ചുകൊണ്ട് ഓരോ അഹ്മദിയും ഒരാത്മ പരിശോധന നടത്തുകയും എത്രമാത്രം ഈ നിർദ്ദേശങ്ങളനുസരിച്ച് താൻ പ്രവർത്തിക്കുന്നുണ്ടെന്ന് വിലയിരുത്തുകയും ചെയ്യുകയാണെങ്കിൽ തീർച്ചയായും ഇത് ഇസ്‌ലാഹെ നഫ്സിന്(ആത്മ സംസ്കരണത്തിന്) കാരണമായിത്തീരുന്നതാണ്. ഏതൊരു അനുഗ്രഹലബ്ധിക്കായാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ നാം പ്രവേശിച്ചിരിക്കുന്നത് ആ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരായി ഇതുമുഖേന നാം മാറുന്നതാണ്. നമുക്ക് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്തിരിക്കുന്ന ബൈഅത്തിന്റെ കരാറുകൾ പാലിക്കുവാൻ തൗഫീഖ് നൽകുമാറാകട്ടെ. അങ്ങനെ ആ മഹാത്മാവിന്റെ പ്രാർത്ഥനയ്ക്ക് അവകാശികളായി നാം മാറട്ടെ. ഭൗതികതയുടെ മിന്നിതിളക്കം ഒരിക്കലും തന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തുമായി ബന്ധപ്പെട്ടു നിൽക്കുന്നവർക്ക് ലഭിക്കുമെന്ന് പറഞ്ഞ അനുഗ്രഹത്തിൽ നിന്നും നമ്മേ അകറ്റുന്നവരാക്കി മാറ്റാതിരിക്കട്ടെ.

പാകിസ്ഥാനിലും മറ്റു നാടുകളിലും അഹ്മദിയ്യത്തിന്റെ പേരിൽ എതിരാളികളുടെ മർദ്ദനത്തിനു പാത്രമായികൊണ്ടിരിക്കുന്നവർക്ക് വേണ്ടി ജൽസ ദിനങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കുക. മലേഷ്യയിൽ ഇപ്പോൾ അഹ്മദികൾക്കെതിരിൽ ഗവൺമെന്റ്തലത്തിൽ തന്നെ ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവരുന്നു. മലേഷ്യയിലെ ജൽസാ സാലാനയും ഇന്ന് നടക്കുകയാണ്. പല തടസ്സങ്ങൾക്കുമിടയിൽ പ്രയാസങ്ങൾ സഹിച്ചുകൊണ്ടാണ് അവർ സമ്മേളനം നടത്തുന്നത്. അവരുടെ ജൽസയിലും അല്ലാഹു എല്ലാവിധ അനുഗ്രഹങ്ങളും നിറക്കുമാറാകട്ടെ. അവർക്ക് ഒന്നുകൊണ്ടും ഒരു പ്രയാസവും ഇല്ലാതിരിക്കട്ടെ. എതിരാളികളുടെ എല്ലാതരം കുതന്ത്രങ്ങളിൽ നിന്നും അല്ലാഹു അവരെ രക്ഷിക്കട്ടെ.

നിങ്ങൾ എല്ലാവരും എപ്പോഴും ഓർത്തിരിക്കേണ്ടത് നിങ്ങൾക്ക് ലഭിച്ചിട്ടുള്ള സാമ്പത്തിക വിശാലതയും മാനസികസംതൃപ്തിയും എല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നതുകൊണ്ടാണെന്നാണ്. അതുകൊണ്ട്, ബൈഅത്തിന്റെ പ്രതിജ്ഞ

ആത്മാർത്ഥമായി നിറവേറ്റാൻ ശ്രമിക്കുക. നിങ്ങളുടെ മക്കളോടും പറയേണ്ടത് ഇന്ന് നിങ്ങൾ പലതും ആയിത്തീർന്നിട്ടുണ്ടെങ്കിൽ അതെല്ലാം ജമാഅത്തിൽ ആയതുകൊണ്ടാണ്. അതിനാൽ ഖിലാഫത്തിനോടും ജമാഅത്തിനോടുമുള്ള ബന്ധം ഒരിക്കലും ബലഹീനമാക്കരുത്. അല്ലാഹു എല്ലാവർക്കും തൗഫീഖ് നൽകുമാറാകട്ടെ.

ജൽസാ സംവിധാനവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ കൂടി പറയാൻ ആഗ്രഹിക്കുന്നു. യു. കെ ജൽസയിൽ ചെയ്തതു പോലുള്ള സെക്യൂരിറ്റി സംവിധാനം ഇവിടെ നടത്തിയിട്ടില്ലെങ്കിലും ഓരോ അഹ്മദിയും തന്നെ അവരുടെ നാലുപാടും എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ഇവിടെ ഗേറ്റുകളിൽ നിൽക്കുന്ന സെക്യൂരിറ്റിക്കാരും പരിശോധന നടത്തേണ്ടതാണ്. ജൽസ സാലാന എല്ലാ രീതിയിലും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

പന്നിപ്പനി എല്ലായിടത്തും പടർന്നുപിടിക്കുന്നുണ്ട്. യൂറോപ്പിൽ വളരെ കൂടുതലാണ്. അമീർ സാഹിബ് പറഞ്ഞത് ഇവിടെ മരുന്നു വിതരണം ചെയ്യുന്നതിന് നിയമതടസ്സങ്ങളുണ്ട് എന്നാണ്. അതുകൊണ്ട് ഇവിടെ വല്ലവർക്കും സംശയമുണ്ടെങ്കിൽ ഉടനെ ഹോമിയോപതി ഡോക്ടറെ കാണുകയോ ഹോസ്പിറ്റലിൽ പോയി പരിശോധനക്ക് തങ്ങളെ വിധേയമാക്കുകയോ വേണം.

ഒരു ദുഃഖകരമായ വാർത്തകൂടി അറിയുകയാണ്. നമ്മുടെ ഒരു ആത്മാർത്ഥസുഹൃത്ത് ബഹു: ത്വാഹാ ഖസക്ക് സാഹിബ് രണ്ട് ദിവസം മുമ്പ് വഫാത്താകുകയുണ്ടായി. ഉറ്ദൻകാരനാണ്.

ഹൈഫയിലെ പ്രസിദ്ധമായ ഖസക്ക് കുടുംബത്തിലെ അംഗമാണിദ്ദേഹം. ഹൈഫയിലെ രണ്ടാമത്തെ അഹ്മദിയാണ് ഇദ്ദേഹത്തിന്റെ പിതാവ്. റുശ്ത്തീവുസ്ഥാ സാഹിബ് ഇദ്ദേഹത്തിന് മുമ്പേ അഹ്മദിയായിരുന്നു. ഇവിടെ നിന്നാണ് അടുത്ത ദേശമായ കബാബീറിലേക്ക് അഹ്മദിയ്യത്ത് പ്രചരിച്ചത്. 1928ൽ ഹ:ജലാലുദ്ദീൻ ശംസ് സാഹിബ് ആദ്യ മുബല്ലിഗായി സേവനമനുഷ്ഠിച്ചു.

ത്വാഹ ഖസക്ക് സാഹിബ് വിവരിക്കുന്നു. എന്റെ പിതാവ് അഹ്മദിയായപ്പോൾ ഞാൻ വളരെ ചെറുതായിരുന്നു. ഉപ്പാക്ക് ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. മൗലവിമാരുടെ ആജ്ഞ പ്രകാരം ചീഞ്ഞ തക്കാളികൊണ്ട് അദ്ദേഹത്തെ എറിയാറുണ്ടായിരുന്നു. ഒരു ദിവസം എതിരാളികൾ ഉപ്പയെ കുറേ അടിച്ചു. അങ്ങിനെ അദ്ദേഹം ബോധരഹിതനായി വീണുപോയി. മൗലവിമാർ പറയാറുണ്ടായിരുന്നത് ഇവർ കാഫിറാണ്; ഇവർ ഖുർആനെ മാറ്റിയിട്ടുണ്ട്; ഖിബ്ലയും മാറ്റിയിട്ടുണ്ട് എന്നൊക്കെയാണ്. ഉപ്പ ഖുർആനും ഖിബ്ലയും മാറ്റിയിട്ടുണ്ടോ എന്ന് ഞാൻ ഒളിഞ്ഞിരുന്ന് വീക്ഷിക്കാറുണ്ടായിരുന്നു. എന്നാൽ ഞാൻ കാണുന്നത് മുമ്പ് ഓതിയ അതേ ഖുർആൻ തന്നെയാണ് ഉപ്പ ഓതുന്നത്. അതേ പോലെ മുമ്പ് കഅ്ബയിലേക്ക് തിരിഞ്ഞു നമസ്ക്കരിച്ചതുപോലെയാണ് ഇപ്പോഴും നമസ്കരിക്കുന്നത്. ചെറുപ്പത്തിൽ തന്നെ മൗലവിമാരുടെ ഈ കുപ്രചരണത്തിൽ ഞാൻ ആശ്ചര്യപ്പെടാറുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ എനിക്ക് വിശ്വാസം വർദ്ധിപ്പിക്കാൻ തുടങ്ങി. (എതിർപ്പുകൾ കുട്ടികളുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനു കാരണമായിട്ടുണ്ട്.) ത്വാഹ ഖസൽ സാഹിബിന്റെ പിതാവ് ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ് ബൈഅത്ത് ചെയ്തത്. സ്വപ്നത്തിൽ കണ്ടത് ഇതാണ്, മരിച്ചുപോയ അദ്ദേഹത്തിന്റെ ഒരു കുടുംബക്കാരൻ അദ്ദേഹത്തോട് പറയുകയാണ്

ഹാജി മുഹമ്മദ് ഖസക്ക് സാഹിബ് വേഗം വരൂ; അഹ്മദികൾ മദീന മുനവ്വറ വിജയിച്ചടക്കിയിരിക്കുന്നു. അടുത്ത ദിവസം തന്നെ ശംസ് സാഹിബിന്റെ കൈയ്യിൽ അദ്ദേഹം ബൈഅത്ത് ചെയ്തു.

ത്വാഹ ഖസക്ക് സാഹിബ് ഇഖ്ലാസിൽ മുൻകടന്നുകൊണ്ടിരുന്നു. 1970 മുതൽ റബ്‌വയിൽ ജൽസയിൽ പങ്കെടുക്കാൻ വരാറുണ്ട്. റബ്‌വയിൽ ജൽസ നടന്നുകൊണ്ടിരുന്നപ്പോഴെല്ലാം അവിടെ വന്നുകൊണ്ടിരുന്നു. അതിന് ശേഷം ഇവിടെയുള്ള ജൽസയിലും വന്നുകൊണ്ടിരുന്നു. ഖലീഫത്തുൽ മസീഹ് ലണ്ടനിൽ ഹിജ്റത്ത് ചെയ്ത് വന്നതിന് പിറ്റേദിവസം തന്നെ അദ്ദേഹം ലണ്ടനിൽ എത്തിയിരുന്നു. ഖിലാഫത്തിനോട് വല്ലാത്ത കൂറായിരുന്നു. രണ്ട് വർഷം മുമ്പ് വരെ ഇവിടെ വന്നിരുന്നു. ഓരോ പ്രവർത്തനത്തിലും ഖിലാഫത്തിനോടുള്ള സ്നേഹം പ്രകടമായിരുന്നു. എപ്പോൾ കണ്ടാലും പൂർണ്ണമായ അർപ്പണം അദ്ദേഹത്തിൽനിന്ന് പ്രകടമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 1/8 ഭാഗത്തിന്റെ വസിയ്യത്ത് അദ്ദേഹം ചെയ്തിട്ടുണ്ട്. അവിടെയുള്ള ഗവൺമെന്റ് നിയമപ്രകാരം വസിയ്യത്തിന്റെ വിഹിതം അടക്കാൻ പറ്റുമോ എന്ന സന്ദേഹം അദ്ദേഹത്തിനുണ്ടായിരുന്നു. ജമാഅത്തിനു വേണ്ടി തുറന്ന മനസ്സോടെ സാമ്പത്തികസേവനം ചെയ്തിരുന്നു. തഫ്സീർ കബീറിന്റെ അറബി തർജ്ജുമ പ്രസിദ്ധികരിക്കാനുള്ള പദ്ധതി ഖലീഫത്തുൽ മസീഹ് റാബിഅ് ആവിഷ്കരിച്ചപ്പോൾ ഇദ്ദേഹം ഈ തർജ്ജുമക്കുള്ള മുഴുവൻ ചിലവും വഹിക്കുമെന്ന് ഏറ്റിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ് ന്റെ കാലത്ത് അതിന്റെ രണ്ട് വാള്യങ്ങൾ പ്രസിദ്ധീകൃതമായിരുന്നു. ഇപ്പോൾ ഈ ആറ് വർഷത്തിനുള്ളിൽ 8 വാള്യം വരെ പ്രസിദ്ധീ കൃതരണമായി. ഒമ്പതാമത്തതിന്റെ പണി നടന്നു കൊണ്ടിരിക്കുന്നു. ഇതുവരെ ഇദ്ദേഹത്തിന്റെ ചെലവിൽ തന്നെയാണ് പ്രസിദ്ധീകൃതമായിട്ടുള്ളത്. ഇദ്ദേഹത്തിന്റെ വീട് ജമാഅത്തിന്റെ വലിയ കേന്ദ്രമായിരുന്നു. കേന്ദ്രപ്രതിനിധികളെയും മുബല്ലിഗ്മാരേയും വളരെയധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. കുറച്ച് മാസമായി രോഗിയായിരുന്നു. അബോധാവസ്ഥയും വന്നിരുന്നു. ഓഗസ്റ്റ് പതിനൊന്നിന് അദ്ദേഹം വഫാത്തായി اِنَّا لِلّٰہِ وَاِنَّاۤ اِلَیۡہِ رٰجِعُوۡنَ
3 ആൺമക്കളും പെൺമക്കളുമുണ്ട്. 20 ഓളം പേരക്കുട്ടികളുമുണ്ട്.

ഒരു പേരക്കുട്ടി ജമാഅത്തുമായി വളരെയധികം ആത്മാർത്ഥതഉള്ള വ്യക്തിയാണ്. അല്ലാഹു ഈ ബന്ധത്തെ കൂടുതൽ വർദ്ധിപ്പിക്കുമാറാകട്ടെ. മറ്റുള്ള മക്കൾക്കും ജമാഅത്തിൽ കൂടുതൽ ആത്മാർത്ഥതയോടെ ബന്ധപ്പെടാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അല്ലാഹു ഇദ്ദേഹത്തിൽ തന്റെ മഗ്ഫിറത്ത് ചൊരിയുകയും കാരുണ്യം വർഷിപ്പിക്കുകയും ചെയ്യുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. തന്റെ പ്രിയരിൽ ഇദ്ദേഹത്തിന് ഇടം നൽകുമാറാകട്ടെ. ജുമുആക്ക് ശേഷം അസറും നമസ്കരിച്ചതിനുശേഷം ഇദ്ദേഹത്തിന്റെ ജനാസ നമസ്കരിക്കുന്നതാണ്.

**വിവർത്തനം**
എം. നാസിർ അഹ്മദ്, കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 14 - 08 - 2009 at**
**Germany**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**